# ബീച്ചും തിയേറ്ററും:
## പെണ്ണുടലുകൾ പാരമ്പര്യം വിട്ടു കുതറുമ്പോൾ

**യാക്കോബ് തോമസ്**
അസി.പ്രൊഫസർ, മലയാളവിഭാഗം, കെ.കെ.ടി.എം.ഗവ.കോളേജ്, പുല്ലൂറ്റ്

പാരമ്പര്യം എന്നു വിളിക്കുന്ന വഴക്കങ്ങൾ ശരീരത്തെ കെട്ടിയിടുന്ന കാഴ്ചകളുടെ സമാഹാരമാണ്, സാമൂഹികചരിത്രത്തിന്റെ നല്ലൊരു പങ്കും. സാമൂഹിക പാരമ്പര്യങ്ങളും സ്ത്രീകളും തമ്മിലുള്ള ബന്ധം സ്ത്രീവാദത്തിന്റെ പ്രധാന അന്വേഷണമേഖലയാണ്. വിശേഷിച്ചും പോസ്റ്റ്കോളനീയസ്ത്രീവാദത്തിൽ. പാരമ്പര്യങ്ങളുടെ പ്രധാനവാഹകരായി, സ്ത്രീശരീരത്തെയാണ് മിക്കസമൂഹങ്ങളും പ്രതിഷ്ഠിച്ചിരിക്കുന്നത്. കടുംബം, മതം, മറ്റു സാമൂഹിക വഴക്കങ്ങൾ എന്നിവയുടെയെല്ലാം 'മാനം' സ്ഥിതിചെയ്യുന്നത് ആ സമൂഹത്തിലെ സ്ത്രീകൾ ഇവയെ കൈകാര്യം ചെയ്യുന്നതുപോലെയായിരിക്കും. ഇതിൽ വിച്ഛേദം വരുമ്പോഴാണ്, സ്ത്രീകൾ പാരമ്പര്യത്തെ അനുസരിക്കാതിരിക്കുകയോ നിഷേധിക്കുകയോ വിട്ടുപോവുകയോ ചെയ്യുമ്പോഴാണ്, കടുത്ത അക്രമണത്തിനു വിധേയമാവുക. കുടുംബത്തിന്റെ മാനം എന്നത് പെണ്ണുമായിമാത്രം ചേർന്നിരിക്കുന്നത് കുടുംബപാരമ്പര്യത്തിന്റെ രാഷ്ട്രീയവുമായി ബന്ധപ്പെട്ടതാണ്. പാരമ്പര്യത്തിന്റെ വാഹകർ പെണ്ണായിരിക്കുമ്പോൾ അതു നിർവചിക്കാനോ നിയന്ത്രിക്കാനോ സ്ത്രീക്കവകാശമില്ലെന്നതു ശ്രദ്ധിക്കണം. മറിച്ച്, കേവലമായി അതിനെ പേറുന്നവർ മാത്രമാണ്. അതായത് പുരുഷൻ നിർവചിച്ചിരിക്കുന്ന സ്ഥായിയായ ചില പാരമ്പര്യങ്ങളും വഴക്കങ്ങളും അനുസരിച്ചു ജീവിക്കുന്നവൾ മാത്രമാണ് സ്ത്രീ. അതിലൂടെ വീടുവിട്ടുപോകാനോ സ്വാതന്ത്ര്യത്തോടെ ജീവിക്കാനോ സ്ത്രീക്കു കഴിയാതെവരുന്നു. കെട്ടിച്ചമയ്ക്കപ്പെടുന്ന പാരമ്പര്യമെന്നത് പെണ്ണിന്റെ ശരീരത്തെ അടക്കാനും നിയന്ത്രിക്കാനുമുള്ള പുരുഷാധികാരമാണെന്നു സാരം. പാരമ്പര്യത്തിന്റെ ലംഘനം ഘോരപാപമാകുന്നത് പുരുഷനെ ലംഘിക്കുന്നതിലൂടെയാണ്. ഇന്ത്യൻ നവോത്ഥാനത്തിന്റെ അടിസ്ഥാനപ്രക്രിയകളിലൊന്ന്

പെണ്ണിനെ പാരമ്പര്യവുമായി കെട്ടിയിടുകയെന്ന വ്യവഹാരങ്ങളെ ഉറപ്പിക്കുകയായിരുന്നുവെന്നു കാണാം. നമ്മുടേതെന്നു പറയുന്ന സംസ്കാരമാണ് പാരമ്പര്യമെന്നും അത് മറ്റു സംസ്കാരത്തിൽനിന്നു വ്യത്യസ്തപ്പെട്ട സവിശേഷതകളുള്ള ഒന്നാണെന്നും അതിന്റെ പ്രത്യേകതകളുംമറ്റും നിലനിർത്തേണ്ടുന്നതിന്റെ പ്രധാന ഉത്തരവാദിത്തം സ്ത്രീകൾക്കാണെന്നും ഇതുറപ്പിച്ചു പറഞ്ഞു. അങ്ങനെ സ്ത്രീയ്ക്ക് പാരമ്പര്യം നിലനിർത്തേണ്ടുന്നതിന്റെ ഉത്തരവാദിത്തം നല്കുന്ന വിധത്തിലുള്ള ആധുനികവിദ്യാഭ്യാസവും മറ്റും നല്കപ്പെടുന്നു. ഇത്തരം പ്രക്രിയകളെല്ലാംകൂടി ഉറപ്പിച്ചത് വീടാണ് സ്ത്രീയുടെ ഇടമെന്നും വീടുവിട്ടുള്ള ലോകം സ്ത്രീയുടെ പാരമ്പര്യത്തിനു ചേർന്നതല്ലെന്നുമാണ്. ശരീരം, വീട്, ലൈംഗികത തുടങ്ങിയ സങ്കീർണവ്യവഹാരങ്ങളെ പുരുഷാധിപത്യപരമായി നിശ്ചയിക്കുകയാണ് ഇവയുടെയല്ലാം ആകെത്തുക.

ചരിത്രാതീതകാലം മുതലേയുള്ള, മാറ്റമില്ലാത്ത, പരിവർത്തനത്തിനു വിധേയമാകാത്ത, സാമൂഹിക ഏകകമാണ് പാരമ്പര്യമെന്നും ദൈവികമായ ഇതിലൂടെയാണ് സാമൂഹികജീവിതം മുന്നോട്ടുപോകുന്നതെന്നും പഠിപ്പിക്കപ്പെടുന്നു. ഇതിൽ സ്ത്രീകൾക്ക് അമ്മ, ഭാര്യ, വീട്ടമ്മ, തൊഴിലാളി എന്നിങ്ങനെ ചില പാരമ്പര്യമാതൃകകളെ നിർവചിച്ചു നല്കിയിട്ടുണ്ട്. ഈ മാതൃകകൾക്കപ്പുറം പോകുന്ന ഒന്ന് അനുവദിക്കപ്പെടുന്നില്ല. പാരമ്പര്യം ഇതെല്ലാം നിർവചിക്കുന്നത് സ്ത്രീയുടെ ലൈംഗികത കേന്ദ്രീകരിച്ചാണ്. പാരമ്പര്യം പെണ്ണിന്റെ ലൈംഗികതയെ വാഴ്ത്തിക്കൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ സ്ത്രീയുടെ ശരീരത്തെ പുരുഷാധിപത്യത്തിനു വിധേയമാക്കുന്ന സങ്കീർണമായ പ്രക്രിയയാണ് ഭാരതീയ, കേരളീയ പാരമ്പര്യത്തിന്റെ ഒരു ധാര. എന്നാൽ കോളനീകരണം പോലുള്ള പ്രക്രിയകൾ ഈ പാരമ്പര്യത്തെ ചോദ്യംചെയ്തു. ഇംഗ്ലീഷ് വിദ്യാഭ്യാസം പോലുള്ള ആധുനികഘടകങ്ങൾ സ്ത്രീയെ നിർവചിക്കുന്ന പാരമ്പര്യത്തെ വെല്ലുവിളിക്കാൻ സ്ത്രീകളെ സജ്ജരാക്കിയതായി കാണാം. വീടിനകത്തിരിക്കാനും വീടിന്റെ വിളക്കായി എരിയാനും നിർവചിക്കപ്പെട്ടവർ 'പുറ'ത്തിന്റെ പലതരം 'സാധ്യത'കളിലേക്കു വന്നു. അകം, പുറം എന്ന വിഭജനം ഉള്ളപ്പോൾതന്നെ പുറത്തിന്റെ പലതരം സാധ്യതകൾ സ്ത്രീശരീരത്തെ പാരമ്പര്യത്തിന്റെ കെട്ടുകളിൽ നിന്നു മോചിപ്പിച്ചു. വൈദേശികസംസ്കാരത്തിന്റെ കടന്നുവരവ്, നമ്മുടെ തദ്ദേശീയസംസ്കാരം ചൂണ്ടിക്കാട്ടി, ചെറുക്കപ്പെട്ടതിന്റെ ഒരു കാരണം ഇതാണ്. ആഗോളീകരണപശ്ചാത്തലം സ്ത്രീകളുടെ പുറത്തേക്കുപോകലിനെയും കുടുംബ, തൊഴിൽ ജീവിതത്തെയും ആഴത്തിൽ പ്രശ്നവത്കരിക്കുന്ന ഘട്ടമാണ് ഇത്. ഇറങ്ങിപ്പോക്കുകളും യാത്രകളും സ്ത്രീയെ പാരമ്പര്യത്തിന്റെ കെട്ടുപാടുകളിൽ നിന്നു

പുറത്താക്കുന്ന ഘടകങ്ങളായി പ്രവർത്തിക്കുന്നു. ആഗോളീകരണത്തിലൂടെ ഇരച്ചുകയറുന്ന പാശ്ചാത്യസംസ്കാരം പാരമ്പര്യത്തെ വല്ലാതെ പ്രശ്നവത്കരിക്കുന്നു. യാത്രയും പ്രവാസജീവിതവുമാണ് ഇതിലെ മുഖ്യഘടകം.

ഒന്ന്

വി.ജെ. ജെയിംസിന്റെ വാഷിംഗ്ടൺ ഡി.സി എന്ന കഥ, പാരമ്പര്യത്തിൽനിന്നു കുതറാൻ ശ്രമിക്കുന്ന ചില പെണ്ണുങ്ങളുടെ തലതെറിച്ച കഥ പറയുന്നു. ലീല ഇന്റർനാഷണലിൽ പഠിച്ച വിദ്യാർഥികളുടെ പൂർവവിദ്യാർഥി ഒത്തുചേരലിനു വൈഷ്ണവി എന്ന വിഷി, ടെൽമ, ഇന്ദുലേഖ, സുനന്ദ എന്നിവർ ഒത്തുചേരുന്നതാണ് കഥ. അമേരിക്കയിൽ താമസിക്കുന്ന വൈഷ്ണവിയെ കേന്ദ്രീകരിക്കുന്ന കഥ അമേരിക്കയിൽ നിന്നുള്ള അവളുടെ വരവും പിന്നീടുള്ള കൂട്ടുചേരലും ഇളക്കിമറിച്ചു ജീവിച്ച ഭൂതകാലവും തിരുവനന്തപുരത്തെത്തിയ ശേഷമുള്ള ഒരു പകലിലെ ജീവിതവും വിവരിക്കുന്നു. അവരുടെ പഠനകാലം അവർ സ്വാതന്ത്ര്യത്തോടെ ജീവിക്കുകയായിരുന്നു. കലാലയവിലക്കും ഹോസ്റ്റൽ നിയമങ്ങളും കാറ്റിൽപ്പറത്തി താന്തോന്നികളായിട്ടുള്ള ജീവിതം. വട്ടീസ് ഗ്യാങിലെ നെടുംതൂണുകളായ അവർ അവരുടെ കലാലയജീവിതത്തിന്റെ പ്രായത്തിലേക്കു മടങ്ങാൻ ശ്രമിക്കുകയും ഗതകാല ഓർമകളെ അയവിറക്കിക്കൊണ്ട് ഒരു രാത്രിയിലെ ജീവിതം ആസ്വദിക്കുകയും ചെയ്യുന്നു. വിമാനം ഒരു ടൈംമെഷീനാണെന്നും അതിപ്പോൾ ഭൂതകാലത്തിലേക്കു കുതിച്ചുപായുകയാണെന്നും സങ്കല്പിക്കാൻ വിഷിയെ പ്രേരിപ്പിച്ചത് തലേന്ന് എച്ച്.ബി.ഒ ചാനലിൽ പ്രക്ഷേപണം ചെയ്ത ടൈംമെഷീൻ എന്ന സിനിമയുടെ ഹാങ്ഓവറായിരുന്നു. സമയയന്ത്രത്തിലേറി പിന്നിലേക്കു പോകുന്ന പക്ഷം യൗവനം ബാക്കിവച്ച തൃഷ്ണകളെ പരിചരിക്കുകയും അന്നുചെയ്ത പിഴതിരുത്തി മടങ്ങുകയുമാവാം. ടൈംമെഷീൻ എന്ന ആശയത്തോടെയാണ് കഥ തുടങ്ങുന്നത്. സമയത്തെ എങ്ങോട്ടും നീക്കാവുന്ന സമയയന്ത്രം കാലത്തെ മറികടക്കുന്ന ഒരു സൂചകമാണ്. യൗവനം കടന്നുപോയവർക്കു കാലത്തെ തിരിച്ചുപിടിക്കുന്നതിനുള്ള ഓർമയാണിത്. നാല്പതുകളിലേക്കു കടന്ന, മുത്തശ്ശികളായവരാണ് ഇവിടെ കൂടിയിരിക്കുന്നത്. അവരുടെ നേതാവായ വിഷിക്ക് ഇപ്പോഴും തന്റെ യൗവനത്തെയാണ് ഇഷ്ടം. അതിനാൽ ഒരുദിവസം തന്റെ യൗവനത്തിലേക്കു മടങ്ങാനായി അമേരിക്കയിൽ ഫാമിലിയെയും കളഞ്ഞിട്ടാണ് വന്നിരിക്കുന്നത്.

ആണുങ്ങളുടെയത്രയും സ്വാതന്ത്ര്യം എന്നതായിരുന്നു വിഷിയുടെ മുദ്രാവാക്യം. ഇരുപതിലേറെ വർഷങ്ങൾക്കുശേഷമുള്ള കൂട്ടത്തിൽ

പഴമയിലേക്ക മടങ്ങവേ അവരാദ്യം തിരയുന്നത് തങ്ങളുടെ മെയിൽ ബോക്സാണ്. വാർഡനമായുള്ള ഒളിപ്പോര്, പാരകളും മറുപാരകളും, റാഗിങ്ങിൽ പീഡനമേറ്റത്, പിറ്റേവർഷം പലിശയുൾപ്പടെ ചുമത്തി പീഡിപ്പിച്ചത്, ഹോസ്റ്റലിൽ നിന്നുള്ള വൻമതിൽച്ചാട്ടം തുടങ്ങി പഴയതും പുതിയതുമായി വിശേഷങ്ങളിലൂടെ അവർ സഞ്ചരിച്ചു. ഈ വിവരണത്തിൽ നിന്ന വായിക്കാം അവരുടെ വിദ്യാർഥിജീവിതത്തിന്റെ ചരിത്രം. ഈ ജീവിതത്തിന്റെ ഓർമകളിൽ ആ രാത്രി ആഘോഷിക്കുവാൻ അവർ കോവളം ബീച്ചിലേക്ക പോകുന്നു. മിയാമി ബീച്ചിലൂടെ നടക്കുന്നപോലെ ബ്രായും പാന്റീസും ധരിച്ച് നടക്കണമെന്ന് വിഷി പറയുമ്പോൾ ഇന്ദുലേഖ നാണത്തെക്കുറിച്ച് ഓർമിപ്പിക്കുന്നു. നാണം ഒരു ശീലമാണെടീ. ഓർക്കുന്നുണ്ടോ പണ്ടു നമ്മളീ ബീച്ചിൽ ചുറ്റിയടിക്കുമ്പോൾ ജട്ടി ധരിച്ച സായിപ്പന്മാരെ ഒളിഞ്ഞുനോക്കി രസിച്ചിരുന്നത്. നമുക്കെന്നാണോ ഇതുപോലൊരു സ്വാതന്ത്ര്യമാഘോഷിക്കുവാനാവുകയെന്ന പറഞ്ഞത് ഇന്ദുവായിരുന്നു. ഇന്ദു എന്ന ഇന്ദുലേഖയിപ്പോൾ മുഴുസാരി ചുറ്റിയ ഒരു പോത്തീസ് മാനികിൻ മാത്രം. വിഷി തിരിച്ചടിച്ചു. അങ്ങനെ അവരാ ബീച്ചിൽ മിയാമി ബീച്ച് സൃഷ്ടിക്കുന്നു. ആണങ്ങൾ പൂർവവിദ്യാർഥിസംഗമത്തിൽ ബാർ സൃഷ്ടിച്ച് ആഘോഷിച്ചപോലെ. അങ്ങനെ അവർ നാലുപേരും പതുക്കെപ്പതുക്കെ തങ്ങളുടെ വേഷവിധാനത്തിൽ നിന്നും ശരീരത്തെ മോചിപ്പിച്ച് അർധനഗ്നകളായി കടലിൽ തിമിർത്തു. കടൽജലത്തിൽ ദേഹം നനയാൻ യോഗമില്ലാത്ത പാവം വീട്ടമ്മമാർക്ക് ഞാനിതു സമർപ്പിക്കുന്നു എന്ന റീമയുടെ വാക്കുകൾ അർഥവത്താണ്.

പിറ്റേന്ന് കൂട്ടംവിട്ട് തിരുവനന്തപുരം നഗരത്തിലെ പകലാസ്വദിക്കാൻ വിഷി ഇറങ്ങി. നഗരത്തിരക്കാസ്വദിച്ചുകൊണ്ടുള്ള യാത്ര എത്തിച്ചേർന്നത് തമിഴ്നടൻ വിജയിന്റെ പടമോടുന്ന തിരക്കുപിടിച്ച കൊട്ടകയിലാണ്. എൺപതുരൂപ വിലയുള്ള ടിക്കറ്റ് കരിഞ്ചന്തയിൽ നിന്ന നാനൂറുരൂപയ്ക്ക വാങ്ങി ആൾത്തിരക്കിലൂടെ അവൾ തിയേറ്ററിനുള്ളിലെത്തുന്നു. അവിടെ അവളുടെ അടുത്തിരുന്നത് എട്ടുവയസ്സുള്ളൊരു ശിങ്കാരിപ്പെണ്ണ് അർക്കശി. സഹോദരന്മാരുടെ ഒപ്പം വിജയിന്റെ കടുത്ത ഫാനായ അവൾ തിയേറ്ററിലെ ആവേശത്തിൽ വല്ലാതെ ഇളകിമറിഞ്ഞിരുന്നു. സിനിമ തുടങ്ങിയതോടെ ഭ്രാന്തെടുത്ത അവൾ വിജയ്സാർ എന്നൊക്കെ വിളിച്ച് സ്ക്രീനിനുനേരെ ഓടുന്നതും നൃത്തംചെയ്യുന്നതും സ്വാതന്ത്ര്യവാദിയായ വിഷിക്കു അദ്ഭുതത്തോടെ നോക്കിനില്ക്കാനേ കഴിയുന്നുള്ളൂ. ഇളകിമറിയുന്ന മായികലോകമായ സിനിമയ്ക്കൊപ്പം ഇളകിമറിയുകയാണ് അർക്കശിയും കൂട്ടരും. ആ ലോകത്തെ അത്ഭുതത്തോടെയാണവൾ കണ്ടുനില്ക്കുന്നത്. സിനിമ, ആരാധകർ കാണുകയല്ലെന്നും മറിച്ച്

ആഘോഷിക്കുകയാണെന്നും സിനിമാടിക്കറ്റിന്റെ വില ഈ ആഘോഷത്തിനുള്ളതാണെന്നും വിഷി തിരിച്ചറിയുന്നു. ആ ആവേശത്തിൽ വിഷിയും പഴയകാലത്തേതുപോലെ നാവിനടിയിൽ വിരലുചേർത്ത് വിസിലടിച്ച് കൂട്ടംചേരുന്നു. പലജാതി ആൺഗന്ധവും ശരീരവും ഇടകലരുന്ന അവിടെയിരുന്ന് അമേരിക്കയിലെ സമ്പന്നജീവിതത്തിനുടമയായ വിഷി പുതിയൊരു ആഘോഷ ജീവിതം കണ്ടു. ഒരു തട്ടുപൊളിപ്പടംപോലെയുള്ള ആ ആഘോഷത്തിന് വിരാമമിട്ടുകൊണ്ട് അർക്കശിയെ എല്ലാ സിനിമയും വന്നു കാണണമെന്ന് അനുഗ്രഹിച്ച് പണവും നല്കി അവൾ യാത്രയാകുന്നു. തിയേറ്ററിനു പുറത്തിറങ്ങിയ വിഷി തമ്പാന്നൂരിലേക്കു പോയപ്പോളാണ് ബസ്സ്റ്റാൻഡിനുള്ളിൽ ആണുങ്ങളുടെ മൂത്രപ്പുര കാണുന്നതും ഇരുപത്തിയഞ്ചു വർഷം മുമ്പുള്ള ഓർമ തികട്ടിയെത്തുകയും ചെയ്തത്. പെൺമൂത്രപ്പുരയിലേക്കുള്ള ആണിന്റെ ഒളിഞ്ഞുനോട്ടംപോലെ ആൺമൂത്രപ്പുരയിലേക്ക് കയറുവാൻ അവൾക്കു തോന്നി. അവൾ മൂത്രപ്പുരയിലേക്കു കയറുകയും ചെയ്തു. തങ്ങളുടെ ഇടത്തിലേക്കു കയറിവരുന്ന പെണ്ണിനെ കണ്ട് ഒറ്റക്കൊമ്പന്മാരായ ആണുങ്ങൾ പാതിവഴിയിൽ മൂത്രം നിലച്ച് നിന്നുപോകുന്നു. ഒരുപെണ്ണുടലും കയറാത്ത കൊടുമുടി താണ്ടിയ തോന്നലുമായി അവൾ എയർപോർട്ടിലേക്കു യാത്രയാകുന്നു.

### രണ്ട്

മൂന്നു ഭാഗങ്ങളുള്ള കഥയാണിത്. ഇരുപത്തിയഞ്ചു വർഷത്തിനു ശേഷം കൂടിച്ചേരുന്ന അതിസമ്പന്നകളായ കൂട്ടുകാരികളുടെ ബീച്ചിലെ ആഘോഷം, ആൺതിരക്കുള്ള തിയേറ്ററിലിരുന്നുള്ള വിഷിയുടെയും അർക്കശിയുടെയും ആഘോഷത്തോടെയുള്ള സിനിമകാണൽ, പഴയൊരു വാശിക്ക് പരിഹാരമെന്നപോലെ ആണിന്റെ മൂത്രപ്പുരയിലേക്കുള്ള കയറൽ. ഈ മൂന്നനുഭവങ്ങളും വിഷിയുടെ അനുഭവമെന്ന നിലയിലാണ് ആഖ്യാനിക്കുന്നതെങ്കിലും അർക്കശിയെന്ന തമിഴ്ബാലികയുടെ കഥയായി രണ്ടാംഭാഗത്തെ മാറ്റുന്നതും ശ്രദ്ധിക്കേണ്ടതാണ്. ഒറ്റയടിക്കു പറഞ്ഞാൽ പെണ്ണിന്റെ ജീവിതാസ്വാദനത്തിന്റെ, സ്വാതന്ത്ര്യം പ്രഖ്യാപിക്കലിന്റെ ഒരാഖ്യാനമാണിതെന്നു കാണാം. വിഷി അമേരിക്കയിലെ ഒരതിസമ്പന്നയാണ്. പഠിച്ചകാലത്തെല്ലാം ആ സമ്പന്നതയുടെ ആഘോഷവും സ്വാതന്ത്ര്യവും അറിഞ്ഞവളാണ്. അതു കിട്ടാത്തപ്പോഴെല്ലാം അതിനായി പോരടിച്ചവളുമാണ്. അവളുടെ ജീവിതത്തിനും നൂറായിരം വേലിക്കെട്ടുകളുണ്ടായിരുന്നു. അവളൊരു പെണ്ണാണെന്നും നമ്മുടെ സാമൂഹികതയിലെ ലിംഗപരമായ വേർതിരിവിലൂടെയേ അവളുടെ ജീവിതം എന്തെങ്കിലുമായിത്തീരുന്നുള്ളൂവെന്നും അവളെ പഠിപ്പിക്കുന്നു.

സ്കൂളിലും കലാലയത്തിലും ഹോസ്റ്റലിലും അവളുടെ ശരീരം നിർവചിക്കപ്പെട്ടത് പെണ്ണെന്ന അതിർവരമ്പിലാണ്. ഇവിടെയാണ് ആണിന്റെ സ്വാതന്ത്ര്യത്തെ തിരിച്ചറിയുന്നതും അതുപോലെയാകാൻ അവൾ വെമ്പൽകൊള്ളുന്നതും.

നമ്മുടെ സാമൂഹ്യക്രമത്തിൽ ജാതിയും വർഗവും മതവും കൂടിച്ചേരുന്ന സങ്കീർണതകളിലാണ് പെണ്ണെന്ന സ്വത്വവും രൂപപ്പെടുന്നത്. അതിനാൽ ഏകശിലാത്മകമായ ഒന്നല്ല സ്ത്രീസ്വത്വം. ചരിത്രപരമായി കേരളത്തിൽ ജാതിയാൽ നിർണയിക്കപ്പെട്ട കീഴാള, മേലാള സ്ത്രീത്വങ്ങൾ വ്യത്യസ്തമായ സ്ത്രീസ്വത്വാവിഷ്കാരങ്ങളെയാണ് അടയാളപ്പെടുത്തുന്നത്. എന്നാൽ ആധുനികത ജാതിയുടെ പുറംമോടികളെ മായ്ച്ചുകളയുമ്പോൾത്തന്നെ സൂക്ഷ്മമായി, തറവാടിത്തം, കുലീനത തുടങ്ങിയവയാൽ കീഴാളസ്ത്രീയെ വേറിട്ട് അടയാളപ്പെടുത്തിക്കൊണ്ടിരിക്കുന്നതും കാണാം. എന്നാൽ പൊതുപുരുഷസമൂഹത്തിനു മുന്നിൽ സ്ത്രീ, മുലയും യോനിയുമുള്ള ശരീരം മാത്രമാണ്. സമ്പന്നസ്ത്രീയും ഇത്തരത്തിലൊന്നാണ് പൊതുസമൂഹകാഴ്ച്ചയ്ക്കു മുന്നിൽ. ഈ വേറിടൽ പ്രസക്തമാക്കുന്ന നിലയിലാണ് വിഷിയും അർക്കശിയും കഥയിൽ കടന്നുവരുന്നത്. രണ്ടു വ്യത്യസ്തലോകങ്ങൾ പങ്കിടുന്നവരാണ് അവർ. പൊതുവിടത്തിൽ നിരന്തരം ഇടപെടുകയും പരുക്കൻ ജീവിതയാഥാർഥ്യങ്ങളോടു പടവെട്ടുകയും ചെയ്യുന്നവരാണ് ഏറിയകൂറും കീഴാള/തൊഴിലാളി സ്ത്രീത്വങ്ങൾ. ആ നിലയിൽ പൊതുവിടത്തിൽ അധികം ഇടപെടുന്നവരല്ല സമ്പന്നരായ സ്ത്രീകൾ. സ്ത്രീയെന്ന നിലയിലുള്ള തങ്ങളുടെ പാവനതകളെക്കുറിച്ച് വല്ലാത്ത ഉത്കണ്ഠകൾ വെച്ചുപുലർത്തുന്നവരാണ് അവർ. പാരമ്പര്യം ഇവിടെയാണ് നിർണായകമാകുന്നത്. എന്നാൽ പരുക്കൻ ജീവിതത്തെ നേരിടുന്നതും ജീവിതത്തെ ആഘോഷിക്കുയെന്ന മട്ടിൽ കാണുന്നതും രണ്ടു വ്യത്യസ്ത തലങ്ങളാണെന്ന് ഈ കഥപറയുന്നു. ജീവിതത്തിലെ ആഘോഷമാണ് കഥയുടെ വിഷയം. സാധാരണ മലയാളകഥാഭാവനകൾ പീഡനാത്മകമായ പെൺജീവിതമാണല്ലോ ആവിഷ്കരിക്കുക. അർമാദിക്കുന്ന പെണ്ണുടലുകളുടെ കഥകൾ വിരളമാണ്. ഇക്കഥയുടെ വഴിമാറിനടപ്പ് ഇവിടെയാണ്. ആണിനെ പോലെ സ്ത്രീക്കും സ്വാതന്ത്ര്യം വേണമെന്നും ആ സ്വാതന്ത്ര്യത്തിലൂടെ പുരുഷൻ അനുഭവിക്കുന്ന ആഹ്ലാദങ്ങൾ അനുഭവിക്കണമെന്നും പറയുന്നതും അതിനായി ശ്രമിക്കുന്നതുമാണ് വിഷിയുടെ ജീവിതം. ഉടലിന്റെ മേലുള്ള പിതൃകോയ്മയുടെ എഴുത്തുകളെ മായ്ച്ചുകളയാനുള്ള ശ്രമം. മിയാമി ബീച്ചിലും മറ്റും ജീവിതം അത്തരത്തിൽ ആഘോഷിക്കുന്ന വിഷി ശരീരത്തിന്റെ മേലുള്ള പുരുഷാധിപത്യ കെട്ടുകളെ അല്പമെങ്കിലും സ്വതന്ത്രമാക്കുകയാണെന്നു

കാണാം. കുറച്ചുനേരമെങ്കിലും എല്ലാത്തരം ഭാരങ്ങളിൽനിന്നും സ്വതന്ത്ര മായി ഉല്ലസിക്കുകയും അപ്പോൾപോലും താനൊരു സ്ത്രീയാണെന്നോർ ക്കണം എന്ന ചിന്ത വരുന്നതുമാണ് നിലവിലെ സ്ത്രീയവസ്ഥയുടെ ദയ നീയത. സമ്പന്നരാണെങ്കിലും ബീച്ചിലെത്തുന്ന ഇന്ദുലേഖ അടക്കമുള്ള വരുടെ പ്രതികരണം, 'അയ്യോ നാണമാവില്ലേ' ഇതാണ് വ്യക്തമാക്കുന്ന ത്. പുരുഷൻ സൃഷ്ടിച്ച നാണം പോലുള്ള വ്യവഹാരങ്ങളിൽനിന്ന് അല്പ നേരത്തേക്കുപോലും മുക്തയാകാൻ സ്ത്രീക്കു സാധ്യമാകുന്നില്ല. ഇതാണ് പാരമ്പര്യത്തിന്റെ ശക്തി. 'കടൽജലത്തിൽ ദേഹം നനയാൻ യോഗമി ല്ലാത്ത' സ്ത്രീകളെന്ന റീമയുടെ പ്രയോഗം അന്വർഥമാകുന്നത് ഇവിടെയാ ണ്. പാരമ്പര്യം സ്ത്രീയെ കെട്ടിയിട്ടതിന്റെ അടയാളങ്ങളാണവ. അല്പം പോലും സ്വാതന്ത്ര്യമോ ആസ്വാദനമോ പ്രകടിപ്പിക്കാൻ പാരമ്പര്യത്തി ന്റെ പെൺനിയമങ്ങൾ അനുവദിക്കുന്നില്ല. വിഷിക്ക് ഇതൊക്കെ മറി കടക്കാൻ കഴിയുന്നതും, മദ്യപിക്കാനും അർധനഗ്നയായി കടലിൽ കു ളിക്കാനും കേരളീയപാരമ്പര്യത്തിൽനിന്നു പുറത്തുകടന്ന പ്രവാസജീ വിതത്തിന്റെ സാധ്യതകളിലാണ്.

ചുറ്റുമുള്ള പ്രകൃതിയെയും സമൂഹത്തെയും നോക്കിക്കണ്ട് ആസ്വദി ക്കാൻ ലിംഗപരമായ വിവേചനങ്ങൾ സ്ത്രീകളെ അനുവദിക്കുന്നില്ല. അത്തരം ആസ്വാദനങ്ങൾ പാടില്ലെന്ന മട്ടിൽ അഥവാ അതൊക്കെ ആണുങ്ങളുടെ മേഖലയാണെന്ന മട്ടിൽ മാറ്റിയിരിക്കുകയാണ്. ഇത്തരം ഉറച്ചുപോയ ധാരണകൾക്കുമേലാണ് അതിനെ ചെറുതായെങ്കിലും ഇള ക്കി പ്രതിഷ്ഠിക്കുന്ന ഇടപെടൽ ഉണ്ടാവേണ്ടത്. അവിടെയാണ് ഇത്ത രം ഭാവനകളുടെ പ്രസക്തി. ജീവിതം ഇങ്ങനെ അലഞ്ഞും യാത്രചെ യ്തും പ്രകൃതിയെ അറിഞ്ഞും ആസ്വദിച്ചും കഴിയുന്നതാണെന്നും അതിന് ലിംഗവ്യത്യാസമില്ലെന്നും അവ പറയുന്നു. ഈ വിവേചനങ്ങളെ ചോ ദ്യംചെയ്യുന്ന പലതരം പ്രക്രിയകളിലൂടെ വികസിക്കുന്നതാണ് ഇത്ത രം ഇടങ്ങളിലെ മറ്റുപലതരം ഉല്ലാസങ്ങളും രസങ്ങളും ആഘോഷങ്ങ ളും ആണിനുമാത്രമാവുകയും പെണ്ണെന്ന ജീവിക്ക് അതൊക്കെ വേറിട്ട് ചിലത്—അവളുടേതായ ശബ്ദമധികമില്ലാത്ത, ഉച്ചയില്ലാത്ത, ലഹരിയും ആർപ്പുവിളികളുമില്ലാത്ത, നൃത്തവും ചലനങ്ങളുമില്ലാത്ത മറ്റൊന്നായിരി ക്കുകയും ചെയ്യുന്നതിലെ കോയ്മകൾ ഉടയ്ക്കപ്പെടണം. വേറിട്ട ഇടങ്ങളി ലെ വേറിട്ടു നിന്നുള്ള ആഘോഷമല്ല, ഒന്നിച്ചു നിന്ന് ആടുകയും പാടുക യും ചെയ്യുന്ന പ്രവർത്തനമാണ് ആഘോഷമായി വികസിച്ചുവരേണ്ടത്. ഈ ആഘോഷനൈതികതയാണ് അഥവാ ലിംഗഭേദമെന്യേ എല്ലാവർ ക്കും ആഘോഷിക്കുവാനുള്ളതാണ് ജീവിതമെന്ന കാഴ്ചപ്പാടാണ് ജീവി തത്തിലെ അടിസ്ഥാനപരമായ സ്വാതന്ത്ര്യത്തെയും വിവേചനങ്ങളെയും

ഇല്ലാതാക്കുന്ന അധികാരപ്രയോഗങ്ങളെ ചോദ്യംചെയ്യേണ്ടത്. ലിംഗപരമായ തുല്യനീതിക്കുവേണ്ടിയുള്ള പ്രവർത്തനവും ഇത്തരം ആഘോഷങ്ങളും പരസ്പരം ബന്ധപ്പെട്ടതാണെന്ന സാരം. പുരുഷന് നിത്യജീവിത പ്രവർത്തനങ്ങളും ഇത്തരം ആഘോഷങ്ങളും ആസ്വദിക്കലുകളും പരസ്പരം ബന്ധപ്പെട്ടതാണ്. ജോലി കഴിഞ്ഞ് സിനിമപോലെയുള്ള വിനോദങ്ങളും കൂട്ടുചേർന്നുള്ള മദ്യപാനവും മറ്റു വിനോദപരിപാടികളും അവൻ സ്വാതന്ത്ര്യത്തോടെ ആസ്വദിക്കുന്നു. അവന്റെ ജീവിതത്തിൽ അടിസ്ഥാനമായി വർത്തിക്കുന്ന സ്വാതന്ത്ര്യമാണ് ആഘോഷങ്ങൾക്കും ഉപയോഗിക്കപ്പെടുന്നത്. ഇത്തരം സ്വാതന്ത്ര്യം അവന് യഥേഷ്ടം അനുഭവിക്കുന്നതിനാണ് കുടുംബം എന്ന സ്ഥാപനത്തെ നിർമിച്ചിരിക്കുന്നത്. ഭാര്യ എന്ന സ്ത്രീ വീടിനെ പരിപാലിക്കുമ്പോൾ പുരുഷന് പുറത്ത് ഇഷ്ടംപോലെ ആഘോഷിക്കുവാൻ സമയവും സൗകര്യവും കിട്ടുന്നു. നിത്യജീവിതത്തിൽ സ്വാതന്ത്ര്യമനുഭവിക്കുകയും ആ സ്വാതന്ത്ര്യത്തിന്റെ പ്രകാശനമായി ആഘോഷിയ്ക്കുകയുംചെയ്യുക എന്നതാണ് ഉണ്ടാകേണ്ടത്. ഉന്മത്തതയും ഉത്സവാന്തരീക്ഷവുമൊക്കെ ശരീരത്തിന്റെ അനന്തമായ സാധ്യതകളാണ് തുറന്നുവിടുന്നത്. കഥയുടെ ശ്രദ്ധ ഇവിടെയാണുതാനും.

ഇങ്ങനെ ചിന്തിക്കുന്നവരാണ് പ്രശ്നക്കാരി എന്നറിയപ്പെടുക. സ്വാതന്ത്ര്യം ആവശ്യപ്പെടുന്നവരും അതിനായി പോരാടുന്നവരും. 'പ്രശ്നക്കാരി'—ആ ലേബലിന് കടിച്ചു തിന്നാൻ തോന്നുന്നൊരു വശ്യതയുണ്ട്. മുടിമുറിച്ച്, ദാ ബോബ്ചെയ്ത് കണ്ടില്ലേ. ജീൻസും ടീഷർട്ടുമാണെനിക്കു കംഫർട്ടബിൾ. നാട്ടിൽ ചെയ്യാനാഗ്രഹിച്ച പല ഭ്രാന്തും അമേരിക്കേൽ എഫർട്ട്ലെസായി ചെയ്യാമെങ്കിലും വിലക്കു ലംഘിക്കുന്നതിന്റെ ത്രില്ലനുഭവപ്പെട്ടിട്ടില്ല... എന്നു വിഷി പറയുന്നിടത്ത് കാര്യങ്ങൾ വ്യക്തം. പെണ്ണുടലിന്റെ വിലക്കുകൾ ദേശനിർമിതികളാണ്. ദേശങ്ങൾ മറികടക്കുന്നതോടെ അത് ഇല്ലാതാകുന്നു. സ്വാതന്ത്ര്യം ചിലയിടത്ത് പോരാടി നേടിയെടുക്കേണ്ടതാണ്. വിശേഷിച്ച് കേരളം പോലുള്ളിടത്ത്. ചിലയിടത്ത് അത് സ്വാഭാവികമാണ്. ആൺകോയ്മ അധികാരത്തിലൂടെ പെണ്ണുടലിനെ അടിച്ചമർത്തിയിട്ട് ഇതൊക്കെ പ്രകൃതിനിയമമാണ് എന്നു പറയുന്നതാണ് ഇവിടെ സംഭവിക്കുന്നത്. ഇവിടെയാണ് ഇത്തരം പ്രകൃതിനിയമങ്ങളെ ലംഘിക്കുന്നതിനായി പോരാട്ടങ്ങൾ വേണ്ടിവരുന്നത്. ഉടലുകൾക്ക് ചലനത്തെക്കുറിച്ച് ആലോചിക്കേണ്ടിവരുന്നത്.

ചലനം ഒരു രാഷ്ട്രീയമായി കഥയിൽ വരുന്നത് അത് പെണ്ണുടലിനെ സംബന്ധിച്ച അടിസ്ഥാനപ്രശ്നമായതിനാലാണ്. ചലിക്കാനാഗ്രഹിക്കുന്ന ഉടലുകളുടെ കഥയാണിതെന്നും പറയാം. അകത്തിന്റെ

ആളായിട്ടാണ് സ്ത്രീയെ എല്ലാ സമൂഹങ്ങളും രൂപപ്പെടുത്തിയിരുന്നതെന്നു ചരിത്രപരമായി കാണാം. എന്തോ ഒന്നിന്റെ, വീടിന്റെ അകത്തിരിക്കുന്ന ആളിന് ചലനമല്ല ആവശ്യം, അധികം ചലിക്കാത്ത ശരീരഘടനയാണ്. വിധേയത്വവും അനുസരണവും പ്രകടിപ്പിക്കാനുള്ള അടക്കവും ഒതുക്കവുമാണ് വേണ്ടത്. കേരളത്തിന്റെ സാമൂഹികതയിൽ ജാതിശരീരത്തിന്റെ ചലനത്തെ സവിശേഷമായി മെരുക്കുന്നതായിരുന്നു. ഓരോരുത്തർക്കും നിശ്ചിത ഇടങ്ങളും തീണ്ടാപ്പാടകലങ്ങളും നല്കിയ ജാതിയുടെ യുക്തിയെ പൊളിച്ചുകളഞ്ഞാണ് നവോത്ഥാനം സാധ്യമാകുന്നത്. ശരീരത്തെ കെട്ടിയിടുന്ന ജാതിപാരമ്പര്യത്തെ പൊട്ടിക്കുന്നത് ആധുനികതയും നവോത്ഥാനവുമാണ്. ജാതിയുടെ പാരമ്പര്യയുക്തികൾ പൊട്ടിക്കപ്പെട്ടപ്പോഴും ലിംഗത്തിന്റെ അതിരുകൾ സവിശേഷമായി നിർമിക്കപ്പെടുകയായിരുന്നു. ആണും പെണ്ണുമെന്ന വ്യത്യസ്തതയായി സമൂഹ്യവേർതിരിവിന്റെ മാനദണ്ഡം. ഈ വേർതിരിവിലാണ് ചലനം അരുതായ്മയായി കടന്നുവരുന്നത്. ഓടിച്ചാടി നടക്കാനോ കാലകത്തി ഇരിക്കാനോ വയ്യാത്തവളായി പെണ്ണ് മാറ്റപ്പെടുന്നു. ഇവിടെയാണ് ചലിക്കുക ഒരു രാഷ്ട്രീയമായി മാറുന്നത്. വയറുചാടിയ പുരുഷന്മാരെ ലീല ഇന്റർനാഷണലിൽ തുള്ളിച്ച ലഹരി വിഷിയിലേക്കും പ്രസരിച്ചു. കെട്ടിക്കിടക്കുന്ന മലിനതകൾ ചോർത്തിക്കളയുന്ന പ്രതിഭാസമാണ് ചലനം. അതിന്റെ ഭ്രമിപ്പിക്കുന്ന വശ്യതയിൽ പെട്ട് കോളേജ് ഹോസ്റ്റലിലെ കറണ്ടുപോകുന്ന രാത്രിവേളകളിൽ പരീക്ഷിച്ച വിസിലടിയുടെ ഓർമ പരിശോധിക്കാനായി തള്ളവിരലും ചൂണ്ടുവിരലും ചേർന്ന വളയം വിഷി നാവിനടിയിൽ പിടിപ്പിച്ചു. നാല്പത്തെട്ടു വയസ്സുള്ള ഒരമേരിക്കൻ ലേഡി എക്സിക്യൂട്ടീവിനും സുന്ദരമായി വിസിലടിക്കാനാവുമെന്ന അറിവിനു തന്നെയുണ്ടായിരുന്നു ആവേശം... പെണ്ണുടലിലെ കോശമോരോന്നും ഒന്നിച്ചിളകുന്ന മുഹൂർത്തത്തിൽ പ്രപഞ്ചമാകെ കുലുങ്ങുമെന്ന് പറഞ്ഞതാരെന്ന് ഓർത്തെടുക്കാൻ നോക്കി. ചലിക്കാനനുവാദമില്ലാത്തവർ ചലിക്കുന്ന പ്രവർത്തനമാണ് നിലവിലുള്ള ഉടലിനെ പൊളിച്ചെറിയുന്ന രാഷ്ട്രീയം. ഇതിലേക്കാണ് ഒരോ പെണ്ണുടലും ഉണരേണ്ടത്.

### മൂന്ന്

ഉടലിന്റെ അതിരുകളെ ഉല്ലംഘിക്കുവാൻ ശരീരങ്ങളെ വിളിക്കുന്ന ഇടമാണ് ബീച്ചും സിനിമാകൊട്ടകയും. ഇതുരണ്ടും ആധുനികതയുടെ നിർമിതികളാണ്. ബീച്ച് ഇപ്പോഴും വിദേശസംസ്കാരത്തിന്റെ, മിക്കപ്പോഴും വിദേശികളുടെ 'വൃത്തികേടു'കളുടെ ഇടമായിട്ടാണ് വിശേഷിപ്പിക്കപ്പെടുന്നത്. ടൂറിസത്തെയും ടൂറിസ്റ്റുകളെയും നമ്മുടെ 'പാവന'മായ

സംസ്കാരത്തെ നിശിപ്പിക്കുന്ന പദ്ധതിയായിട്ടാണ് പൊതുവിൽ വിലയിരുത്തപ്പെടുന്നതും. ലൈംഗികതയുടെയും അർധനഗ്നതയുടെയും ഇടമായിട്ടാണതിനെ പ്രതിഷ്ഠിച്ചിരിക്കുന്നത്. കോവളം ബീച്ചിനെക്കുറിച്ചുള്ള നമ്മുടെ പൊതുബോധം ഇതാണല്പാദിപ്പിക്കുന്നത്. യഥാർഥലോകത്തിനുപകരം അയഥാർഥത്തിന്റെയും മായികതയുടെയും ഉത്സവാന്തരീക്ഷത്തിന്റെയും കാഴ്ചയാണ് ഈ ലോകങ്ങൾ. ഇവിടെയാണ് ശരീരഭീതിയില്ലാതെ തുണിയുരിഞ്ഞ് ആഘോഷത്തിൽ വിഷിയും കൂട്ടരും ഏർപ്പെടുന്നത്. വസ്ത്രം എന്നത് പാരമ്പര്യത്തിന്റെ ശക്തമായ ബിംബങ്ങൾ നിറഞ്ഞ അടയാളമാണ്. അതുരിഞ്ഞുകളയുക എന്നതിൽതന്നെ പാരമ്പര്യത്തോടുള്ള ശക്തമായ നിഷേധം ഉള്ളടങ്ങിയിരിക്കുന്നു. പാരമ്പര്യത്തെ നിഷേധിക്കുന്ന വസ്ത്രം ധരിക്കുന്ന ബീച്ച് തദ്ദേശീയതയിൽനിന്നുവേറിട്ട ഇടമായി മാറ്റപ്പെടുന്നു. അതിനാൽ തദ്ദേശീയർക്ക് അവരുടെ പാരമ്പര്യത്തിന്റെ ഭാഗമാക്കാൻ പ്രയാസമുള്ള ഇടമാണിത്. സിനിമാകൊട്ടകയും ഒരു പരിധിവരെ ഇത്തരത്തിലുള്ള ഒന്നാണ്. സിനിമയെ ഇന്നും നമ്മുടെ പൊതുബോധം കാണുന്നത് ലൈംഗികതയൊക്കെ കാണിച്ച് 'വഴിതെറ്റിക്കുന്ന' കലാരൂപമെന്ന നിലയിലാണ്. കഥയിൽ ആർപ്പുവിളികളും ആഘോഷവുമൊക്കെ കൂടിച്ചേരുന്ന ഒരു മായികലോകമായിട്ടാണ് കൊട്ടകയെ വിവരിക്കുന്നതെന്നു ശ്രദ്ധിക്കണം. ഈ ലോകവും ആണിന്റെ ഗന്ധം നിറഞ്ഞ ഒന്നാണ്. അവിടെയാണ് ഈ പെണ്ണുങ്ങൾ ഇടിച്ചുകയറി നൃത്തം ചെയ്യുന്നത്. ആ ലോകത്ത് അർമാദിക്കുന്ന അർക്കശി കുട്ടിയാണ്. അവൾ മുതിരുന്നതോടെ ആ ലോകവും അന്യമാകും അഥവാ അവളും അടങ്ങിയൊതുങ്ങി ഇരിക്കേണ്ടിവരും. ചുരുക്കത്തിൽ ബീച്ചിൽ പോവുകയും സിനിമ ആർത്തുതിമിർത്തു കാണുകയും ചെയ്യുന്ന കാഴ്ചകളിലൂടെ സ്ത്രീയെ വരച്ചിട്ടതിന്റെ രാഷ്ട്രീയം നമ്മുടെ പാരമ്പര്യം സ്ത്രീശരീരത്തെ കെട്ടിയിട്ടതിന്റെ അധികാരത്തെ വിവരിക്കുകയാണ്.

ആണിന്റെ കൊമ്പെന്ന പ്രയോഗം ഇവിടെയാണ് പ്രസക്തമാകുന്നത്. ഈ നാട്ടിൽ മാത്രം ആണുങ്ങൾക്കെന്താ കൊമ്പുണ്ടോ? ഉണ്ടല്ലോ ഒറ്റക്കൊമ്പ് ശേഖർ ഒരിക്കൽ കൂടി ഉല്ലാസ് മാത്യുവിന്റെ വായ പൊത്തി. ആണിന്റെ ജീവിതാഹ്ലാദങ്ങളുടെ അടയാളമാണ് അവനുള്ളതെന്നു പറയുന്ന ഒരു കൊമ്പ് അടയാളപ്പെടുത്തുന്നത്. ആനയുടെ കൊമ്പു പോലെ എടുപ്പിന്റെയും ആക്രമണത്തിന്റെയും അടയാളമാണത്. ഈ കൊമ്പുമായാണ് കഥയിൽ ഉല്ലാസ് മാത്യു വിഷിയുമായി ഉടക്കുന്നത്. ഈ കൊമ്പിനോടുള്ള പ്രതിഷേധവുമായാണ് വിഷി തന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചു വാദിച്ചതും. ഈ ഒറ്റക്കൊമ്പ് ആണിന്റെ ലിംഗമാണ്. പുരുഷസ്വാതന്ത്ര്യത്തെയും അധികാരത്തെയും സാധ്യമാക്കുന്ന ഈ കൊമ്പുകൊണ്ടാണ്

ഉല്ലാസ് മാത്യു പെണ്ണുങ്ങളുടെ ടോയ്‌ലറ്റിലേക്ക് ഒളിഞ്ഞുനോക്കിയത്, അകം എങ്ങനെയിരിക്കുമെന്നറിയാൻ. ഇതിനോടുള്ള ചരിത്രപരമായ നിഷേധബോധത്താലാണ് വിഷി ആണുങ്ങളുടെ ടോയ്‌ലറ്റിലേക്ക് കയറുന്നത്. ഒരു പെണ്ണുടലും ചവുട്ടിക്കയറിയിട്ടില്ലാത്ത കൊടുമുടി പോലെ അന്തസുകെട്ടൊരു രസം വിഷിക്കു തോന്നി. നിരന്നുനിൽക്കുന്ന ഒറ്റക്കൊമ്പന്മാരും അമോണിയ മണക്കുന്ന അന്തരീക്ഷവും. ഇത്രേയുള്ളൂ എല്ലാം. അവൾ പുറത്തേക്കിറങ്ങി. പാരമ്പര്യത്തിന്റെ കൊമ്പുകളോടിടഞ്ഞ ശരീരമായിട്ടാണവൾ തിരിച്ചു പറക്കുന്നത്. തോന്നുന്നതു ചെയ്യാനും ആഹ്ലാദിക്കുവാനും അർമാദിക്കുവാനും ലിംഗഭേദമില്ലാതെ ശരീരങ്ങൾക്കു സാധിക്കേണ്ടതുണ്ടെന്ന രാഷ്ട്രീയം ഒറ്റക്കൊമ്പുകളുടെയും കൊമ്പൻമീശകളുടെയും ലോകബോധത്തെ നിരാകരിക്കുന്ന നൈതികതയാണ്. ഈ നൈതികതയിലാണ് പെണ്ണാഹ്ലാദങ്ങൾ പൂത്തുലയുക. ബീച്ചുകളും കൊട്ടകകളും തെരുവോരങ്ങളും വീടുകളും സ്ത്രൈണശരീരത്തിന്റെ ചലനങ്ങൾകൊണ്ടും വികാരങ്ങൾകൊണ്ടും അർമാദിക്കുക. അത്തരം ഭാവനകളാണ് പീഡനങ്ങളെക്കുറിച്ച് നെടുവീർപ്പിടുന്ന കാഴ്ചകളെ തേച്ചുമായ്ച്ചുകളയുക.

റഫറൻസ്:

1. വി.ജെ. ജയിസ്, 2016, പ്രണയോപനിഷത്ത്, ഡിസി ബുക്സ്, കോട്ടയം.
2. കെ.എസ്. രവികുമാർ, 2012, കഥയും ഭാവുകത്വപരിണാമവവും, സാഹിത്യപ്രവർത്തകസംഘം, കോട്ടയം.
3. ജെ. ദേവിക, 2013, പൗരിയുടെ നോട്ടങ്ങൾ, ഒലീവ്. കോഴിക്കോട്.
4. Bharathi Ray (Ed.), 1997, From the seams of History,Oxford.